2026
JANUARY
29
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ഇന്ത്യ–യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ:

# വസ്ത്രനിർമ്മാണ മേഖലയ്ക്ക് പുതിയ ഗതിവേഗം

**കൊച്ചി:** ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ചർച്ചകൾ വിജയകരമായി പൂർത്തിയായതായതോടെ ഇന്ത്യൻ വസ്ത്ര നിർമ്മാണ മേഖലയ്ക്ക് കൈവരുന്നത് പുതിയ ഗതിവേഗം. നിലവിലുള്ള 12% വരെയുള്ള തീരുവകൾ നീക്കം ചെയ്ത് തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും തീരുവരഹിത പ്രവേശനം ഉറപ്പാക്കുകയും, യൂറോപ്യൻ യൂണിയന്റെ 22.9 ലക്ഷം കോടി രൂപ (ഡടഉ 263.5 ബില്യൺ) മൂല്യമുള്ള വിപുലമായ ഇറക്കുമതി വിപണി ഇന്ത്യക്ക് മുന്നിൽ തുറക്കുകയും ചെയ്യും. യുഎസ്എയ്ക്ക് പിന്നിൽ, ഇന്ത്യയുടെ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും രണ്ടാമത്തെ വലിയ കയറ്റുമതി ലക്ഷ്യസ്ഥാനമാണ് യൂറോപ്യൻ യൂണിയൻ. 2024ൽ യൂറോപ്യൻ യൂണിയന്റെ ആഗോള തുണിത്തര, വസ്ത്ര ഇറക്കുമതി മൂല്യം 263.5 ബില്യൺ യുഎസ് ഡോളറിലെത്തിയിരുന്നു. ഇത് ഇന്ത്യൻ തുണിത്തര കയറ്റുമതി സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം യൂറോപ്യൻ യൂണിയൻ വിപണിയ്ക്കുള്ള പ്രാധാന്യവും ദീർഘകാല സാധ്യതയും വ്യക്തമാക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ യൂറോപ്യൻ യൂണിയനിലേക്കുള്ള ഇന്ത്യയുടെ തുണിത്തര കയറ്റുമതി സ്ഥിരമായ വളർച്ച കൈവരിച്ചു. യൂറോപ്യൻ യൂണിയനിലേക്കുള്ള ഇന്ത്യയുടെ തുണിത്തര കയറ്റുമതി മൂല്യവർദ്ധിതവും അധ്വാനം ആവശ്യമുള്ളതുമായ വിഭാഗങ്ങളിലായി വൈവിധ്യവത്ക്കരിച്ചിരിക്കുന്നു. കയറ്റുമതിയിലെ വലിയ പങ്ക് റെഡിമെയ്ഡ് വസ്ത്രങ്ങൾ ആണ് (ഏകദേശം 60%. കോട്ടൺ തുണിത്തരങ്ങൾ (17%), മനുഷ്യനിർമ്മിത നാരുകളും തുണിത്തരങ്ങളും (12%) എന്നിവ തൊട്ടു പിന്നിൽ വരുന്നു. കൂടാതെ, കരകൗശല ഉത്പന്നങ്ങൾ (4%), പരവതാനികൾ (4%), ചണ ഉത്പന്നങ്ങൾ (1.5%), കമ്പിളി (0.6%), കൈത്തറി (0.6%), പട്ട് (0.2%) എന്നിവയും ഇന്ത്യയുടെ കയറ്റുമതിയിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, കരകൗശല ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്ന ഇന്ത്യയുടെ തൊഴിൽപ്രാധാന്യമുള്ള മേഖലകളെയും എംഎസ്എംഇ ആധാരിത സ്വഭാവത്തെയും ഇത് ശക്തമായി പിന്തുണയ്ക്കുന്നു.



ആഗോള തുണിത്തര,വസ്ത്ര കയറ്റുമതിയിലെ ഇന്ത്യയുടെ 3.19 ലക്ഷം കോടി രൂപ (യുഎസ്ഡി 36.7 ബില്യൺ) വിഹിതവും അതിൽ യൂറോപ്യൻ യൂണിയനിലേക്കുള്ള 62.7 ആയിരം കോടി രൂപ (യുഎസ്ഡി 7.2 ബില്യൺ) വിഹിതവും വിപുലീകരിക്കുന്നതോടെ നൂൽ, കോട്ടൺ നൂൽ, മനുഷ്യനിർമ്മിത ഫൈബർ വസ്ത്രങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പുരുഷ, സ്ത്രീ വസ്ത്രങ്ങൾ, ഗാർഹിക തുണിത്തരങ്ങൾ തുടങ്ങിയ പ്രധാന വിഭാഗങ്ങളിൽ വൻതോതിലുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ വികസിപ്പിക്കാനും, വൻതോതിൽ തൊഴിൽ സൃഷ്ടിക്കാനും, വിശ്വസനീയവും സുസ്ഥിരവും ഉന്നത മൂല്യമുള്ള പങ്കാളിയെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ആഗോള തലത്തിൽ ശക്തിപ്പെടുത്താനും സാധിക്കും.

ബംഗ്ലാദേശ്, പാകിസ്ഥാൻ, തുർക്കി തുടങ്ങിയ വ്യാപാരംഗത്തെ എതിരാളികളുമായി താരതമ്യം ചെയ്യുമ്പോൾ ദീർഘകാലമായി നിലനിന്നിരുന്ന തീരുവ പ്രതിസന്ധിയെ സ്വതന്ത്ര വ്യാപാര കരാർ ഫലപ്രദമായി പരിഹരിക്കുന്നു. ലോകത്തിലെ ഏറ്റവും സങ്കീർണ്ണവും മത്സരാധിഷ്ഠിതവുമായ ഉപഭോക്തൃ വിപണികളിലൊന്നിൽ മത്സരക്ഷമത മെച്ചപ്പെടുത്തുകയും വിപണി പ്രവേശനം ഗണ്യമായി വിപുലീകരിക്കുകയും ചെയ്യുന്നതിനാൽ, തൊഴിൽപ്രാധാന്യമുള്ള ഉത്പന്നങ്ങൾക്ക് ഈ കരാർ ഉത്തേജനം പകരുന്നു. ഇന്ത്യയിൽ വസ്ത്ര, തുണിത്തര നിർമ്മാണ മേഖല പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം 4.5 കോടി ജനങ്ങൾക്ക് തൊഴിൽ നൽകുന്നു. യൂറോപ്യൻ യൂണിയൻ വിപണിയിലേക്കുള്ള പ്രവേശനം വിപുലമാകുന്നതോടെ തൊഴിൽപ്രാധാന്യമുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക ക്ലസ്റ്ററുകളിൽ ഉൽപ്പാദനം, ശേഷി വിനിയോഗം, തൊഴിൽ സൃഷ്ടി എന്നിവ ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിക്ഷേപം, സാങ്കേതിക കൈമാറ്റം, സുസ്ഥിരതയുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ എന്നിവയ്ക്കും സ്വതന്ത്ര വ്യാപാര കര ഉത്തേജനം പകരും.

## അറ്റാദായത്തിൽ 62 ശതമാനം വർധനവ്; റെക്കോർഡ് നേട്ടത്തിൽ ബിപിസിഎൽ




**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ 7,545.27 കോടി രൂപയുടെ റെക്കോർഡ് അറ്റാദായം രേഖപ്പെടുത്തി ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ). മുൻവർഷത്തെ സമാനപാദത്തിലെ 4,649.20 കോടി രൂപയെ അപേക്ഷിച്ച് 62 ശതമാനമാണ് അറ്റാദായത്തിൽ വളർച്ച.

നിക്ഷേപകർക്ക് ഓഹരിയൊന്നിന് 10 രൂപ ഡിവിഡന്റ് നൽകാനും തീരുമാനമായി. മൂന്നാം പാദത്തിൽ 1.36 ലക്ഷം കോടി രൂപയുടെ വരുമാനമാണ് കമ്പനി നേടിയത്. സാമ്പത്തിക വർഷത്തെ മൂന്ന് പാദങ്ങളിലുമായി ആകെ വരുമാനം 3.87 ലക്ഷം കോടി രൂപയാണ്. സാമ്പത്തിക വർഷത്തെ മൂന്ന് പാദങ്ങളിലുമായി 20,111.73 കോടി രൂപയുടെ അറ്റാദായമാണ് രേഖപ്പെടുത്തിയത്. മുൻവർഷത്തെ സമാന പാദങ്ങളിലെ 10,061.20 കോടി രൂപയെ അപേക്ഷിച്ച് 100 ശതമാനമാണ് വർധനവുള്ളത്. റിഫൈനറികളിലെ ഉൽപാദനത്തിലും വർധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ നടത്തിയ 9.54 മില്യൺ മെട്രിക് ടൺ ഉൽപാദനം, 119 ശതമാനം ഉയർന്ന ശേഷിയോടെ 10.51 മില്യൺ മെട്രിക് ടൺ പരിധിയിലേക്കുയർത്താനും കമ്പനിക്ക് കഴിഞ്ഞു. ആഭ്യന്തര വിപണി വിൽപന 4.76 ശതമാനം വർധിച്ച് 14.07 മെട്രിക് ടൺ രേഖപ്പെടുത്തി.

പ്രവർത്തന മികവ്, വിപണന കാര്യക്ഷമത, വ്യാപാര വർധനവ് എന്നിവയിൽ മുൻഗണന നൽകിയുള്ള കമ്പനിയുടെ നയപരമായ തീരുമാനങ്ങളാണ് മികച്ച പാദവാർഷിക റിസൾട്ടിന് കാരണമെന്ന് ബിപിസിഎൽ അറിയിച്ചു.

## സംസ്ഥാന ബജറ്റ് ഇന്ന്

**തിരുവനന്തപുരം:** തിരഞ്ഞെടുപ്പിനു മുന്നോടിയായി ഒട്ടേറെ ജനകീയ പ്രഖ്യാപനങ്ങൾ കാത്തിരിക്കുന്ന സംസ്ഥാന ബജറ്റ് ഇന്ന്. രണ്ടാം പിണറായി സർക്കാരിന്റെ അവസാനത്തെയും തന്റെ ആറാമത്തെയും ബജറ്റാണ് മന്ത്രി കെ.എൻ.ബാലഗോപാൽ ഇന്ന്

രാവിലെ 9ന് നിയമസഭയിൽ അവതരിപ്പിക്കുക. കേന്ദ്ര ബജറ്റിനു മുൻപ് സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതിനാൽ കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്, മറ്റു കേന്ദ്ര വിഹിതങ്ങൾ, കേന്ദ്ര സ്കീമുകൾ തുടങ്ങിയവയുടെയൊക്കെ വിഹിതം സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തുന്നതിൽ അനിശ്ചിതത്വമുണ്ട്. ഫെബ്രുവരി ഒന്നിന് കേന്ദ്ര ബജറ്റ് അവതരിപ്പിച്ച ശേഷം ഈ കണക്കുകൾ സംസ്ഥാന ബജറ്റിൽ പുതുക്കേണ്ടി വരും.

ശമ്പളപരിഷ്കരണ പ്രഖ്യാപനം, പുതിയ പെൻഷൻ പദ്ധതി, ക്ഷേമ പെൻഷൻ വർധന തുടങ്ങിയവയാണ് ബജറ്റിൽ പ്രതീക്ഷിക്കുന്ന വമ്പൻ പ്രഖ്യാപനങ്ങൾ. തുടർച്ചയായി മൂന്നാം ഭരണം ലക്ഷ്യമിട്ട് അടുത്ത മുഴുവൻ സാമ്പത്തിക വർഷത്തേക്കുള്ള സമ്പൂർണ ബജറ്റാണ് സർക്കാർ അവതരിപ്പിക്കുന്നത്. പിണറായി സർക്കാരിന്റെ കഴിഞ്ഞ 10 വർഷത്തെ നേട്ടങ്ങൾ ബജറ്റിൽ അക്കമിട്ടു നിരത്തും. ബജറ്റിനു പിന്നാലെ സർക്കാരിന്റെ നേട്ടങ്ങളും പ്രഖ്യാപനങ്ങളും ജനങ്ങളിലേക്കെത്തിക്കാൻ വമ്പൻ പ്രചാരണ പരിപാടിക്കും സർക്കാർ പദ്ധതിയിടുന്നുണ്ട്.






# ഇന്നത്തെ പരിപാടി

**കൊച്ചി**

**എറണാകുളം ശിവക്ഷേത്രം :** എറണാകുളത്തപ്പന്റെ തിരുവുൽസവത്തോടനുബന്ധിച്ച് വൈകിട്ട് 3 .00 ന് പകൽ പൂരം, 5 .30 ന് സംഗീത കച്ചേരി, 6 ന് കൃഷ്ണനാട്ടം, 7 ന് നാമസങ്കീർത്തനം, രാത്രി 8 ന് കഥകളി, 9 ന് തൈവമക്കൾ, രാത്രി 1 ന് വലിയവിളക്ക് , പള്ളിവേട്ട.

**കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം:** ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽ പായൽ ഉച്ചകോടിയും പ്രദർശനവും രാവിലെ 9 ന്.

**താജ് വിവാന്ത:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ എൻജിനീയേഴ്സും (ഇന്ത്യ)യും ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗുമായി ചേർന്ന് നടത്തുന്ന കൊമാർസെം2026 സെമിനാർ. പ്രമേയം: മാരിടൈം ഇന്ത്യ നൂതനാശയങ്ങളും സഹകരണങ്ങളും.

**ഗോകുലം കൺവെൻഷൻ സെന്റർ :** വർമ്മ ഹോംസ് വാർഷികാഘോഷം സെലിബ്രേഷൻ ഓഫ് ലെഗസി 2026, വൈകിട്ട് 6 ന്.

**വരാപ്പുഴ :** ആലങ്ങാട് കുന്നേൽ ദേവാലയത്തിൽ ഉണ്ണീശോയുടെ സുവർണ്ണ ജൂബിലി പ്രധാന തിരുനാൾ ആഘോഷം.

# ഹെൽത്ത് കെയർ സമ്മിറ്റിന് ജനുവരി 31 ന് തുടക്കം

**കൊച്ചി:** സസ്റ്റെയ്നബിൾ ഹെൽത്ത് കെയർ ഇന്നോവേഷൻസ് ഫോർ എ ഹെൽത്ത് ഫ്യൂച്ചർ എന്ന പ്രമേയത്തെ ആസ്പദമാക്കി ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ ജനുവരി 31, ഫെബ്രുവരി ഒന്ന് തിയതികളിൽ കൊച്ചിയിൽ ഹെൽത്ത് കെയർ സമ്മിറ്റ് നടക്കും. കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന നടക്കുന്ന സമ്മിറ്റിൽ അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ ഡയറക്ടർ ജനറലും എൻഎബിഎച്ച് ബോർഡ് മെമ്പറുമായ ഡോ. ഗിരിധർ ഗ്യാനി, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ ഐഎഎസ് (റിട്ട.), ചെന്നൈ അപ്പോളോ ഹോസ്പിറ്റൽസ് സിഇഒ ഡോ. ഇലൻകുമരൻ കാളിയമൂർത്തി, ഡോ. റാണ മേത്ത, ഡോ. ജോസ് ചാക്കോ പെരിയപുറം, ഐഎംഎ കേരള പ്രസിഡന്റ് എം എൻ മേനോൻ, ഐഎംഎ ഹെൽത്ത് ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ചെയർമാൻ ഡോ. ജോസഫ് ബെനവെൻ, വീഗാലാൻഡ് ഹോംസ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഐഎംഎ കൊച്ചിൻ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ ഉൾപ്പെടെ ആരോഗ്യ രംഗത്തെ പ്രമുഖരായ 40 ലധികം പ്രഭാഷകർ പങ്കെടുക്കും. സംസ്ഥാനത്തെ ഹെൽത്ത്കെയർ രംഗത്ത് വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള അവാർഡ് വിതരണം സമ്മിറ്റിനോടനുബന്ധിച്ച് നടക്കും. കൂടാതെ രണ്ട് ദിവസങ്ങളിലായി എക്സ്പോയും ഉണ്ടാകും. എക്സ്പോയിലേക്കുള്ള പ്രവേശനം സൗജന്യമായിരിക്കും. ഹോസ്പിറ്റൽ ഉടമകൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, മെഡിക്കൽ ഡയറക്ടർമാർ, ക്ലിനിക്ക് ഉടമകൾ, ഹെൽത്ത് കെയർ രംഗത്തെ സംരംഭകർ, എക്വിപ്മെന്റ് ആന്റ് ഡിസ്പോസിബിൾ നിർമാതാക്കൾ, മെഡിക്കൽ ടൂറിസം , വെൽനസ്, സീനിയർ കെയർ, ഇൻഷുറൻസ് , നിക്ഷേപകർ, സ്റ്റാർട്ടപ്പ് സംരംഭകർ, ധനകാര്യ സ്ഥാപന പ്രതിനിധികൾ എന്നിങ്ങനെ വിവിധ മേഖലയിൽ നിന്നുള്ളവരും സമ്മിറ്റിൽ പ്രതിനിധികളായെത്തും. ആദ്യദിനം രാവിലെ 9.30 മുതൽ രാത്രി 9.30 വരെയും രണ്ടാം ദിനം രാവിലെ 9.30 മുതൽ 5.30 വരെയാണ് പരിപാടികൾ. സമ്മിറ്റിൽ പങ്കെടുക്കാൻ മുൻകൂട്ടി പേര് രജസ്റ്റർ ചെയ്യണം. വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നിരക്കിൽ ഡിസ്കൗണ്ട് ലഭിക്കും.

# ഗൾഫ്, യൂറോപ്പ് തൊഴിലവസരങ്ങളുമായി വിജ്ഞാനകേരളം തൊഴിൽമേള

**ആലപ്പുഴ:** വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി ജനുവരി 31ന് വെർച്വൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (എസ്ഡിപികെ) സെന്ററുകൾ മുഖേന രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ചുവരെയാണ് മേള നടക്കുന്നത്. കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി പുന്നപ്ര, കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ് പുളിങ്കുന്ന്, കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് മാനേജ്മെന്റ് പുന്നപ്ര, കോളേജ് ഓഫ് എഞ്ചിനീയറിങ് ചേർത്തല എന്നിവിടങ്ങളിലെ എസ്ഡിപികെ സെന്ററുകളിലാണ് മേള ക്രമീകരിച്ചിട്ടുള്ളത്. വിവിധ കമ്പനികളിലായി സ്റ്റാഫ് നഴ്സ്, ഹോംനേഴ്സ്, സൈറ്റ് എഞ്ചിനീയർ, ആർക്കിടെക്ട്, ഡ്രൈവർ, ഫിറ്റർ തുടങ്ങി 84000 ഒഴിവുകളാണുള്ളത്. ഗൾഫിലും യൂറോപ്പിലുമായി നഴ്സ്, ഡ്രൈവർ, ഐടി ഐ തുടങ്ങിയ മേഖലകളിൽ എണ്ണായിരത്തിലധികം ഒഴിവുകളുമുണ്ട്. തൊഴിലന്വേഷകർക്ക് ഡിഡബ്ല്യുഎംഎസ് പോർട്ടൽ വഴി ജനുവരി 31 വരെ അപേക്ഷിക്കാം. പോർട്ടലിൽ രജിസ്റ്റർ ചെയ്തശേഷം വെർച്വൽ തൊഴിൽ മേള എന്ന് സെർച്ച് ചെയ്ത് അനുയോജ്യമായ തൊഴിൽ മേഖലയിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9037048977 എന്ന നമ്പറിൽ ബന്ധപ്പെടാം.

# ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഡോ. കെ ശ്രീകുമാറിന്




**കോഴിക്കോട്:** നാലാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഡോ. കെ ശ്രീകുമാറിന് . എം ടി വാസുദേവൻ നായർ എന്ന ജീവചരിത്രമാണ് പുരസ്കാരത്തിന് അർഹമായത്. ഒരു ലക്ഷം രൂപയും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം.

ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഡോ. കെ ശ്രീകുമാർ പറഞ്ഞു. എം ടി വാസുദേവൻനായരെ സന്ദർശിച്ച്, അദ്ദേഹത്തോടൊപ്പം നിത്യവും അനുഗമിച്ച് പൂർത്തീകരിച്ചതാണ് കൃതി. വസ്തുതാപരമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാനുള്ള യാത്രയിൽ പലപ്പോഴും തന്റെ ആരോഗ്യം പ്രതിസന്ധിയിലായിട്ടുണ്ട്. എം ടി എന്ന മഹാനായ സാഹിത്യകാരനെ നാളത്തെ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്ത ദൗത്യമാണിതെന്നും അദ്ദേഹം കൂട്ടിചേർത്തു .കോഴിക്കോട് ബീച്ചിൽ നടത്തിയ ഫെഡറൽ ബാങ്ക് ലിറ്ററി അവാർഡ് വേദിയിൽ ബാങ്കിന്റെ കോഴിക്കോട് റീജിയണൽ മേധാവിയും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ പ്രമോദ് കുമാർ ടി വി പുരസ്കാരം സമ്മാനിച്ചു. എഴുത്തുകാരൻ സക്കറിയ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സക്കറിയ, മ്യൂസ് മേരി, സജയ് കെ വി എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് എം. ബിന്ദു നന്ദി പ്രകാശിപ്പിച്ചു.

# പൊതുവിദ്യാഭ്യാസ വകുപ്പ് ഫയൽ അദാലത്ത് : എയ്ഡഡ് മേഖലയിലെ 382 പരാതികൾക്ക് തീർപ്പ്

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എയ്ഡഡ് സ്കൂൾ സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ പരാതി പരിഹാരവുമായി ബന്ധപ്പെട്ട് നടത്തിയ അദാലത്തിൽ 382 പരാതികൾക്ക് പരിഹാരം. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട് എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിയ ഫയൽ അദാലത്തിൽ ആകെ 944 അപേക്ഷകളാണ് ലഭിച്ചത്.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കെ. വാസുകി,പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ ഉമേഷ് എന്നിവർ അദാലത്തിന് നേതൃത്വം നൽകി. 99 അപേക്ഷകളിൽ ഉടൻ തീർപ്പുകൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ പരിശോധനകൾ ആവശ്യമായ 424 അപേക്ഷകൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറി. മറ്റുള്ള 39 അപേക്ഷകളിലും പ്രത്യേക പരിശോധനകൾ നടന്നു വരികയാണ്. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ആർ.എസ് ഷിബു,അഡീഷണൽ ഡയറക്ടർ (അക്കാദമിക്) സി.എ സന്തോഷ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡി.മിനിമോൾ ,ഹയർ സെക്കൻഡറി വിഭാഗം ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ഡോ.എസ് ഷാജിത,വി.എച്ച്.എസ്.ഐ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ലിസി ജോസഫ് എന്നിവരും അദാലത്തിന് നേതൃത്വം നൽകി.

വടക്കൻ ജില്ലകളായ കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നിവയ്ക്കായുള്ള അദാലത്ത് ജനുവരി 29 ന് കോഴിക്കോട് നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 9 ന് നടക്കും.

# പാവക്കുളം ക്ഷേത്ര പുനരുദ്ധാരണം തുടങ്ങി



**കൊച്ചി:** കലൂർ പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ ശ്രീകോവിൽ ചെമ്പോല മേയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള തുടക്കം കുറിച്ചുകൊണ്ട് രാവിലെ നടന്ന മഹാഗണപതി ഹോമത്തിനു ശേഷം ആർ എസ് എസ് ദക്ഷിണ മേഖല പ്രചാരക് സുദർശൻ, സീമ ജാഗരൺ മഞ്ച് അഖില ഭാരതീയ സംരക്ഷക മാനനിയ ഗോപാലകൃഷ്ണൻ, വി എച്ച് പി സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ വിളയിൽ, സംഘടനാ സെക്രട്ടറി കെ ആർ കണ്ണൻ, ട്രഷറർ വി ശ്രീകുമാർ, ഡോക്ടർ പത്മകുമാർ, ക്ഷേത്രം വർക്കിംഗ് പ്രസിഡണ്ട് കെ എസ് പണിക്കർ, സെക്രട്ടറി കെ പി മാധവൻകുട്ടി, ആർട്ടിടെക്ട് ബാലകൃഷ്ണ കമ്മത്ത് തുടങ്ങിയവർ ക്ഷേത്ര പ്രദപ്രദക്ഷിണത്തിനുശേഷം ചെമ്പോല ഭഗവാന്റെ നടയിൽ സമർപ്പിച്ചു.

ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാട് , മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവരുടെ മുഖ്യകാർമികത്വത്തിൽ ചെമ്പോല ശ്രീകോവിലേക്ക് സ്വീകരിച്ചു.

പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തിയിൽ ചെമ്പോല, ഉത്തരം, കഴുക്കോൽ, പലക എന്നിവ സമർപ്പിച്ചുകൊണ്ട് എല്ലാ ഭക്തർക്കും പങ്കാളികളാകാമെന്ന് ക്ഷേത്രസമിതി അറിയിച്ചു.

# ‘ഈസി’ അവതരിപ്പിച്ച് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** ഡിജിറ്റൽ ഫസ്റ്റ് രീതികളെ കൂടുതൽ ശക്തമാക്കിക്കൊണ്ട് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് കൂടുതൽ മെച്ചപ്പെടുത്തിയ മൊബൈൽ, ഇന്റർനെറ്റ് ബാങ്കിങ് സംവിധാനമായ ഉജ്ജീവൻ 'ഈസി' (ഇ ഇസഡ് വൈ) അവതരിപ്പിച്ചു. ചെറുകിട ഉപഭോക്താക്കൾക്കു വേണ്ടിയുള്ള ഉജ്ജീവൻ ഈസി ഏകീകൃതവും സുരക്ഷിതവുമായ ബാങ്കിങ് അനുഭവങ്ങളാണ് ലഭ്യമാക്കുക. മൊബൈൽ, വെബ് ചാനലുകളിലൂടെ ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, ഗുജറാത്തി, മറാത്തി, ബംഗാളി, ഒഡിയ, പഞ്ചാബി, തമിഴ് എന്നീ ഒൻപതു ഭാഷകളിൽ ഇതു ലഭിക്കും. ഇരുന്നൂറിലേറെ ബാങ്കിങ് സവിശേഷതകളാവും ഈ സംവിധാനത്തിലൂടെ ലഭിക്കുക. ഇതിൽ തൊണ്ണൂറിലേറെയും പുതിയ സൗകര്യങ്ങളുമാണ്. സേവിങ്സ്, പേയ്മെന്റ്സ്, വായ്പകൾ, നിക്ഷേപങ്ങൾ തുടങ്ങിയവയിൽ കൂടുതൽ ആഴത്തിലുള്ള സേവനങ്ങളുമായി ദൈനംദിന ബാങ്കിങ് കൂടുതൽ ലളിതമാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പുതുതലമുറ രീതിയിൽ വികസിപ്പിച്ചിട്ടുള്ള ഉജ്ജീവൻ ഈസി കൂടുതൽ വേഗത ലഭ്യമാക്കുകയും സേവനങ്ങൾ വിപുലമാക്കുകയും പുതിയ സേവനങ്ങൾ അവതരിപ്പിക്കാൻ ബാങ്കിനെ പര്യാപ്തമാക്കുകയും ഉപഭോക്താക്കളുടെ വളർന്നു വരുന്ന ആവശ്യങ്ങളോട് കൂടുതൽ ഫലപ്രദമായി പ്രതികരിക്കാൻ അവസരമൊരുക്കുയും ചെയ്യുമെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് സ്ട്രാറ്റജി ആന്റ് ട്രാൻസ്ഫോർമേഷൻ വിഭാഗം മേധാവി ദീപക് അഗർവാൾ പറഞ്ഞു. അക്കൗണ്ട് മാനേജ്മെൻറ്, ഫണ്ട് കൈമാറ്റം, സ്ഥിര നിക്ഷേപങ്ങളും റിക്കറിങ് നിക്ഷേപങ്ങളും, ബിൽ അടക്കൽ, ഡെബിറ്റ് കാർഡ് കൈകാര്യം ചെയ്യൽ, ജിഎസ്ടി അടക്കൽ, ഡീമാറ്റും എൻപിഎസും അടക്കമുള്ള നിക്ഷേപ സേവനങ്ങൾ തുടങ്ങിയവ ഒരൊറ്റ സംവിധാനത്തിലൂടെ കൈകാര്യം ചെയ്യാൻ സാധിക്കും. നിലവിലുള്ള സേവനങ്ങൾക്കു പുറമെ വായ്പ സേവനങ്ങളും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. സ്മാർട്ട് സ്റ്റേറ്റ്മെൻറുകൾ, പുതിയ ഡിജിറ്റൽ സംവിധാനങ്ങൾ, ഉപഭോക്താക്കളുമായി വ്യക്തിഗത ഇടപെടലുകൾ തുടങ്ങിയവ കൂടിയുള്ളത് ഉപഭോക്തൃ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുന്നു. ഇതിലൂടെ സമഗ്രവും സമ്പൂർണവുമായി ബാങ്കിങ് അനുഭവങ്ങളും ലഭിക്കും.

# ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ആഗോള സമ്മേളനം ജനുവരി 30 മുതൽ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) സംഘടിപ്പിക്കുന്ന അക്കൗണ്ടിംഗ് ഫിനാൻസ് രംഗത്തെ ആഗോള സമ്മേളനമായ വേൾഡ് ഫോറം ഓഫ് അക്കൗണ്ടന്റ്സ് 2.0 ജനുവരി 30 മുതൽ ഫെബ്രുവരി ഒന്നു വരെ ഗ്രേറ്റർ നോയിഡയിലെ ഇന്ത്യ എക്സ്പോ സെന്ററിൽ നടക്കും.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ നാൽപ്പതിലധികം രാജ്യങ്ങളിൽ നിന്നുള്ള നയരൂപീകരണ വിദഗ്ധർ, വ്യവസായ നേതാക്കൾ, അക്കൗണ്ടിംഗ്, ധനകാര്യ മേഖലയിലെ പ്രമുഖർ എന്നിവരുൾപ്പെടെ പതിനായിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കും.

ചടങ്ങിൽ കേന്ദ്ര മന്ത്രിമാരായ നിതിൻ ഗഡ്കരി, പിയൂഷ് ഗോയൽ, അർജുൻ റാം മേഘ്വാൾ, സഹമന്ത്രിമാരായ ഡോ. പെമ്മസാനി ചന്ദ്രശേഖർ, പ്രതാപ്റാവു ജാദവ്, ഇന്ത്യയുടെ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സഞ്ജയ് കെ. മൂർത്തി എന്നിവരും പങ്കെടുക്കും.

ആഴത്തിലുള്ള സംവാദങ്ങൾ ഉറപ്പാക്കി വികസിത നാളേക്കായുള്ള വ്യക്തമായ റോഡ്മാപ്പ് തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ അമ്പതിലധികം സാങ്കേതിക സെഷനുകളിലായി ഇരുനൂറിലധികം പ്രഗൽഭരായ പ്രഭാഷകർ പങ്കെടുക്കുമെന്ന് ഐസിഎഐ പ്രസിഡന്റ് ചരൺജോത് സിംഗ് നന്ദ അറിയിച്ചു.




# ബെസ്റ്റിനേഷൻ ട്രാവൽ മാർട്ട് തുടങ്ങി

**കൊച്ചി:** പ്രമുഖ ഔട്ട്ബൗണ്ട് ടൂർ ഓപ്പറേറ്ററായ ബെസ്റ്റിനേഷൻ ഹോളിഡേയ്സ് ആകർഷക ഓഫറുകളോടെ ബെസ്റ്റിനേഷൻ ട്രാവൽ മാർട്ട് (ബിടിഎം 2026) അവതരിപ്പിച്ചു.

കൊച്ചിയിൽ നടന്ന ചടങ്ങിൽ ബിടിഎം 2026 ലോഗോ ചലച്ചിത്രതാരവും ബെസ്റ്റിനേഷൻ ബ്രാൻഡ് അംബാസഡറുമായ സിജോയ് വർഗീസ് പ്രകാശനം ചെയ്തു.

ബിടിഎമ്മിൽ നടത്തുന്ന എല്ലാ സ്പോട് ബുക്കിംഗുകൾക്കും 10 ശതമാനം ഫ്ലാറ്റ് ഇളവു ലഭിക്കുമെന്ന് ബെസ്റ്റിനേഷൻ ഹോളിഡേയ്സ് സ്ഥാപകയും സിഇഒയുമായ ജീന ഫെർണാണ്ടസ്, ഷൈബിൻ വർഗീസ് മാത്യു എന്നിവർ പറഞ്ഞു.

ബുക്കിംഗ് സമയത്ത് 10,000 രൂപ മാത്രം നൽകിയാൽ മതിയാകും. ബുക്കിംഗ് നടത്തുന്നവരുടെ പേരുകൾ ദിവസേന നറുക്കെടുത്ത് ഒരാൾക്ക് ബാങ്കോക്കിലേക്കുള്ള വിമാന ടിക്കറ്റും സമ്മാനമായി നൽകും.

ബെസ്റ്റിനേഷൻ ഒരുക്കുന്ന ക്യൂറേറ്റഡ് യാത്രാ അനുഭവങ്ങളെക്കുറിച്ച് ടിവിസി ഫാക്ടറി തയാറാക്കിയ വീഡിയോയും ആകർഷകമാണ്. വിവരങ്ങൾക്ക് www.bestinationholidays.com.

# സൗജന്യ ഗ്ലോക്കോമ പരിശോധന

**തിരുവനന്തപുരം :** ഇന്ത്യയിലുടനീളമുള്ള പ്രമേഹരോഗികൾക്ക് ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ സൗജന്യമായി ഗ്ലോക്കോമ പരിശോധന നടത്തുന്നു. ഫെബ്രുവരി 15 വരെയാണ് സൗജന്യ പരിശോധന. അശാസ്ത്രീയവും മേൽനോട്ടമില്ലാത്തതുമായ സ്റ്റിറോയിഡ് ഉപയോഗം 'സെക്കൻഡറി ഗ്ലോക്കോമ' എന്ന ഗുരുതരമായ അവസ്ഥയ്ക്ക് കാരണമാകുന്നത് . ചികിത്സിച്ചില്ലെങ്കിൽ കാഴ്ച പൂർണ്ണമായും നഷ്ടപ്പെടാൻ സാധ്യതയുള്ള അവസ്ഥയാണിത്. ഇതിന്റെ അവബോധ പരിപാടിയുടെ ഭാഗമായിയാണ് , പ്രമേഹരോഗികൾക്ക് സൗജന്യ പരിശോധന നടത്തുന്നത്. മെഡിക്കൽ മേൽനോട്ടമില്ലാതെ സ്റ്റിറോയിഡ് മരുന്നുകളോ ഐ ഡ്രോപ്പുകളോ ഉപയോഗിക്കുന്നവരിലാണ് ഇത്തരം പ്രശ്നങ്ങൾ കൂടുന്നതെന്ന് തിരുവനന്തപുരം ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റലിലെ ക്ലിനിക്കൽ സർവീസസ് ഹെഡ് ഡോ. ജയ് മാത്യു പെരുമാൾ പറഞ്ഞു. തുടക്കത്തിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തതിനാൽ രോഗികൾക്ക് ഇത് തിരിച്ചറിയാൻ കഴിയില്ല, എന്നാൽ കണ്ണിനുള്ളിലെ സമ്മർദ്ദം നിശബ്ദമായി വർദ്ധിക്കുകയും കാഴ്ചയെ സ്ഥിരമായി തകരാറിലാക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അസ്യൂസിന് 25% വാർഷിക വളർച്ച

**കൊച്ചി;** തായ്വാനീസ് ടെക് കമ്പനിയായ അസ്യൂസ് 2025 ൽ അവസാനിച്ച പാദത്തിൽ ദക്ഷിണേന്ത്യൻ വിപണിയിൽ 25 ശതമാനം വാർഷിക വളർച്ചയും 2023–25 കാലഘട്ടത്തിൽ 40 ശതമാനം സഞ്ചിത വളർച്ചയും നേടി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മൊത്തത്തിലുള്ള വളർച്ചയുടെ 35 ശതമാനം നേടിയ തമിഴ്നാടും 25 ശതമാനം നേടിയ കേരളവും ആദ്യ സ്ഥാനങ്ങളിലെത്തിയപ്പോൾ ആന്ധ്രാപ്രദേശും കർണാടകയും യഥാക്രമം 23, 8 ശതമാനം വാർഷിക വളർച്ച നേടി മൂന്നും നാലും സ്ഥാനങ്ങളിലെത്തി. കൺസ്യൂമർ നോട്ട്ബുക്കുകൾ (എൻബി) ആകെ വരുമാനത്തിന്റെ 57 ശതമാനം സംഭാവന ചെയ്തപ്പോൾ ഗെയിമിംഗ് പിസികൾ (എൻആർ) 40 ശതമാനത്തോടെ രണ്ടാമതെത്തി. ഗെയിമിംഗ് നോട്ട്ബുക്കുകൾ ഉയർന്ന പ്രകടനത്തോടെ തമിഴ്നാട്ടിലും കേരളത്തിലും മികച്ച പ്രകടനം കാഴ്ചവച്ചതായി അസ്യൂസ് അറിയിച്ചു. എഐ പിസികൾ, പ്രീമിയം ഗെയിമിംഗ്, കൺസ്യൂമർ നോട്ട്ബുക്കുകൾ എന്നിവ മുതൽ , കൂടുതൽ ഉപഭോക്താക്കൾക്ക് ശരിയായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിലാണ് കമ്പനിയുടെ ശ്രമങ്ങളെന്ന് അസ്യൂസ് ഇന്ത്യയിലെ സിസ്റ്റം ബിസിനസ് ഗ്രൂപ്പ് കൺസ്യൂമർ ആന്റ് ഗെയിമിംഗ് പിസി വൈസ് പ്രസിഡന്റ് ആർനോൾഡ് സു പറഞ്ഞു.

# കരൂർ വൈശ്യ ബാങ്കിന് അറ്റാദായത്തിൽ വളർച്ച

**കൊച്ചി:** 2025 ഡിസംബർ 31ന് അവസാനിച്ച പാദത്തിലെയും ഒമ്പത് മാസത്തെയും സാമ്പത്തിക ഫലങ്ങൾ പ്രകാരം കരൂർ വൈശ്യ ബാങ്ക് 39 ശതമാനം വളർച്ച രേഖപ്പെടുത്തി. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ബാങ്കിന്റെ ആകെ ബിസിനസ് 16.29 ശതമാനം വർധിച്ച് 2,11,647 കോടി രൂപയായി. നിക്ഷേപങ്ങൾ 15.57 ശതമാനം വളർന്ന് 1,14,595 കോടി രൂപയായപ്പോൾ, വായ്പകൾ 17.16 ശതമാനം വർധിച്ച് 97,052 കോടി രൂപയിലെത്തി. 2025 ഡിസംബർ 31ലെ കണക്കനുസരിച്ച് ബാങ്കിന്റെ ബാലൻസ് ഷീറ്റ് 1,35,567 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ ബാങ്കിന്റെ അറ്റാദായം 690 കോടി രൂപയായി. മുൻവർഷത്തെ ഇതേ പാദത്തിലെ 496 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 39 ശതമാനം വളർച്ചയാണ്. പ്രവർത്തന ലാഭം 23.31 ശതമാനം വർധിച്ച് 1,005 കോടി രൂപയിലെത്തിയെന്നും അധികൃതർ അറിയിച്ചു.

## കേരള സ്റ്റീൽ ടെക് എക്സ്പോ സമാപിച്ചു

**കൊച്ചി:** എറണാകുളം മറൈൻ ഡ്രൈവ് ഹെലിപാഡിൽ കേരള സ്റ്റീൽ ട്രേഡേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച കേരള സ്റ്റീൽ ടെക് എക്സ്പോ സമാപിച്ചു.മൂന്നു ദിവസങ്ങളിലായി കേരളത്തിന്റെ വിവിധ മേഖലകളിൽനിന്ന് പതിനായിരത്തിലേറെ വ്യാപാരികൾ എക്സ്പോ സന്ദർശിച്ചു.കേരളത്തിലെ സ്റ്റീൽ വ്യാപാര മേഖലയിൽ നിന്ന് 85 ലധികം സ്റ്റാളുകൾ, ലോകോത്തര ബ്രാൻഡുകൾ മുതൽ പ്രാദേശിക നിർമാതാക്കൾ വരെ എക്സ്പോയിൽ പങ്കെടുത്തു. രാജ്യത്തെ ഏറ്റവും പ്രമുഖ ഇരുമ്പുരുക്ക് വ്യവസായ കമ്പനികളും ബ്രാൻഡുകളും എക്സ്പോയിലുണ്ടായിരുന്നു.

# പുത്തൻ പുതുമകളോടെ ഇസിഎൽ 2.0; 'റോയൽ റിവീൽ 2026' നടന്നു



**കൊച്ചി:** കേരളത്തിലെ പ്രമുഖ സംരംഭകരുടെ കൂട്ടായ്മയായ എന്റർപ്രണേഴ്സ് ക്രിക്കറ്റ് ലീഗിന്റെ രണ്ടാം സീസണിന് ആവേശകരമായ തുടക്കം. യെല്ലോ ക്ലൗഡ് മുഖ്യ സ്പോൺസറായ ടൂർണമെന്റിന്റെ ജേഴ്സി, ട്രോഫി എന്നിവയുടെ ഔദ്യോഗിക അനാവരണ ചടങ്ങായ 'റോയൽ റിവീൽ 2026' കൊച്ചി തമ്മനം ഡി.ഡി റിട്രീറ്റിൽ നടന്നു.

കായികക്ഷമതയും ബിസിനസ്സ് നെറ്റ്‌വർക്കിംഗും ഒത്തുചേരുന്ന മഹാമേളയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 18 ടീമുകളാണ് അണിനിരക്കുന്നത്. ചലച്ചിത്ര താരം സിജു വിൽസൺ, കേരള വിഷൻ ഡിജിറ്റൽ ആൻഡ് ബ്രോഡ്ബാൻഡ് സി.ഒ.ഒ എൻ.പത്മകുമാർ, ഏഷ്യാനെറ്റ് ന്യൂസ് റെവന്യൂ മാനേജ്മെന്റ് ആൻഡ് സ്ട്രാറ്റജി സീനിയർ വൈസ് പ്രസിഡന്റ് ബി. കെ ഉണ്ണി കൃഷ്ണൻ , യെല്ലോ ക്ലൗഡ് ഉടമ ശിവ പ്രസാദ് എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുത്തു. മുഖ്യാതിഥികൾ ചേർന്ന് ടൂർണമെന്റിന്റെ ഔദ്യോഗിക ട്രോഫി അനാവരണം ചെയ്തു.

ടീം ഉടമകളും ക്യാപ്റ്റന്മാരും തങ്ങളുടെ ടീം ജേഴ്സികൾ അണിഞ്ഞ് റാംപിൽ എത്തിയത് കാണികൾക്ക് വേറിട്ടൊരു അനുഭവമായി. കൊല്ലം മുതൽ കാസർഗോഡ് വരെയുള്ള ജില്ലാ ടീമുകൾക്ക് പുറമെ, സെലിബ്രിറ്റി ടീം, ഇൻഫ്ലുവൻസർ ടീം, രണ്ട് വനിതാ ടീമുകൾ എന്നിവർ നടത്തിയ റാംപ് വാക്ക് ചടങ്ങിന് ഗ്ലാമർ പരിവേഷം നൽകി. 'ടീം താണ്ഡവ്' അവതരിപ്പിച്ച നൃത്തപരിപാടിയും, പ്രശസ്ത ഡിജെ നയിച്ച മ്യൂസിക് സെഗ്മെന്റും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

യെല്ലോ ക്ലൗഡ് പോലുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, 'ബിഗ്ഗർ, ബോൾഡർ, ബെറ്റർ' എന്ന ടാഗ്‌ലൈനിലാണ് ഇത്തവണത്തെ ലീഗ് സംഘടിപ്പിച്ചിരിക്കുന്നത്. സംരംഭകർക്കിടയിലെ ഐക്യവും സ്പോർട്സ്മാൻ സ്പിരിറ്റും ഊട്ടിയുറപ്പിക്കാൻ ഇത്തരം വേദികൾ സഹായിക്കുമെന്ന് സംഘാടകർ വ്യക്തമാക്കി. മുൻ വർഷത്തേക്കാൾ വിപുലമായ രീതിയിലാണ് ഇത്തവണ മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഇസിൽ സ്ഥാപകനായ അൻസാരി അറിയിച്ചു.

# കുടുംബശ്രീ റീട്ടെയിൽ രംഗത്ത് ചുവടുറപ്പിക്കുന്നു: മന്ത്രി എം ബി രാജേഷ്

## കെ ഇനം ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കും

**തിരുവനന്തപുരം:** കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും ഊർജിതമാക്കുന്നതിനും അതുവഴി സംരംഭകർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി കുടുംബശ്രീ റീട്ടെയിൽ രംഗത്തേക്ക് കടക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനുമായി സഹകരിച്ചാണ് പ്രാദേശിക തലത്തിൽ നിലവിലുള്ള വിവിധ ഡിസ്ട്രിബ്യൂഷൻ ഏജൻസികൾ മുഖേന കുടുംബശ്രീ ഉൽപ്പന്നങ്ങൾ റീട്ടെയിൽ വിപണിയിലെത്തിക്കുന്നത്. ഇതിനായി 14 ജില്ലകളിലും പ്രധാനപ്പെട്ട ഡിസ്ട്രിബ്യൂഷൻ ഏജൻസികളെ കണ്ടെത്തി അവരെ കുടുംബശ്രീ സംരംഭകരുമായി ബന്ധിപ്പിക്കുന്ന ബി 2 ബി മീറ്റുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. 900ലേറെ സംരംഭകരും 227 ഡിസ്ട്രിബ്യൂട്ടർമാരും ഇതിൽ പങ്കെടുത്തു. ഏജൻസികളും സംരംഭകരുമായി നേരിട്ട് സംവദിക്കുന്നതിനും ഉൽപന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും വില, മാർജിൻ എന്നിവയിൽ ധാരണയാകുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

ഇന്ന് വിപണിയിൽ ലഭ്യമാകുന്ന മിക്ക ഉൽപന്നങ്ങളും കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്നുണ്ട്. മികച്ച ഗുണമേൻമയുള്ള ഈ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് കുടുംബശ്രീയുടെ സാമൂഹ്യാധിഷ്ഠിത വിപണന ശൃംഖലയായ ഹോംഷോപ്പ്, വിപണന മേളകൾ, സരസ് മേളകൾ, മാർക്കറ്റിംഗ് ഔട്ട് ലെറ്റ് കിയോസ്ക്, കുടുംബശ്രീയുടെ ഇകൊമേഴ്സ് ഓൺലൈൻ പ്ളാറ്റ്ഫോമായ പോക്കറ്റ്മാർട്ട് ആപ്ളിക്കേഷൻ എന്നിങ്ങനെ നിരവധിയായ വിപണന മാർഗ്ഗങ്ങൾ കുടുംബശ്രീയുടേതായിട്ടുണ്ട്. കൂടാതെ കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപന്നങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ചെറുകിട കച്ചവടക്കാർ മുഖേനയും വിപണനം നടത്തുന്നുണ്ട്. വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താവിന്റെ താൽപ്പര്യങ്ങൾക്കും അനുസൃതമായി ഉൽപാദന രംഗത്തും വിപണന രംഗത്തും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് റീട്ടെയിൽ രംഗത്ത് ചുവടുറപ്പിക്കുന്നത്. കുടുംബശ്രീ ഏകികൃത ബ്രാൻഡിൽ പുറത്തിറക്കിയിട്ടുള്ള കറിപൗഡറുകൾ, പുട്ടുപൊടി, അപ്പപ്പൊടി, സാമ്പാർ മസാല, ചിക്കൻ മസാല, വെജ് മസാല, മുളക്പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, ചിപ്സ്, ശർക്കര വരട്ടി തുടങ്ങിയ ഉൽപന്നങ്ങളോടൊപ്പം ഓരോ ജില്ലയിലെയും സംരംഭകർ ഉൽപാദിപ്പിക്കുന്ന മികച്ച ഉൽപന്നങ്ങളുമാണ് ആദ്യഘട്ടത്തിൽ ഡിസ്ട്രിബ്യൂഷൻ ഏജൻസികൾ വഴി വിപണനത്തിന് തിരഞ്ഞെടുത്തിട്ടുള്ളത്.

കൂടാതെ 'കെ ഇനം' എന്ന പുതിയ ബ്രാൻഡിൽ ആഗോള വിപണിയിലെത്തിച്ച കുടുംബശ്രീയുടെ വിവിധ കാർഷിക ഭക്ഷ്യവിഭവങ്ങളും റീട്ടെയിൽ വിപണനത്തിന് തിരഞ്ഞെടുത്തിട്ടുണ്ട്. രാജ്യത്തെ പ്രമുഖ കാർഷിക വ്യാവസായിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളായ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ഐ.സി.എ.ആർ), കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, കാർഷിക സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നും നേടിയ നിയമാനുസൃത ലൈസൻസുള്ള 184 ഭക്ഷ്യസാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് 'കെഇനം' ബ്രാൻഡിൽ മുപ്പതോളം ഭക്ഷ്യ ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണി തയ്യാറാക്കിയിട്ടുള്ളത്. സമ്പുഷ്ടീകരിച്ച ഭക്ഷണങ്ങൾ, പോഷകാഹാര കേന്ദ്രികൃത മിശ്രിതങ്ങൾ. സംസ്ക്കരിച്ച പഴങ്ങളും പച്ചക്കറികളും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഭക്ഷണങ്ങൾ, ആരോഗ്യകരമായ ലഘുഭക്ഷണങ്ങൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുക. കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം (കെടാപ്) പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഉൽപന്നങ്ങളാണിവയെന്ന് മന്ത്രി പറഞ്ഞു. ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനിൽ അംഗങ്ങളായ 5000ലേറെ ഡിസ്ട്രിബ്യൂട്ടർമാരുടെ സഹകരണത്തോടെ ബഹുരാഷ്ട്ര കമ്പനികൾക്കൊപ്പം കേരളത്തിന്റെ റീട്ടെയിൽ രംഗത്ത് ശക്തമായ സാന്നിദ്ധ്യമാകാൻ കുടുംബശ്രീക്ക് കഴിയും. ഇതിലൂടെ കുടുംബശ്രീ സംരംഭകരുടെ ഉപജീവന പ്രവർത്തനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കാനും കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ നവീൻ സി, ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ ദേശീയ വൈസ് പ്രസിഡന്റ് എ മുജീബ് റഹ്മാൻ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# മൊബൈൽ ക്യൂആർ ടിക്കറ്റുകൾക്ക് 15% ഡിസ്കൗണ്ടുമായി കൊച്ചി മെട്രോ

**കൊച്ചി:** മൊബൈൽ ക്യൂആർ ഡിജിറ്റൽ ടിക്കറ്റുകൾക്ക് അധിക കിഴിവ് പ്രഖ്യാപിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. മൊബൈൽ പ്ലാറ്റ്ഫോമുകൾ വഴി ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് നിലവിൽ യാത്രക്കാർക്ക് 10 ശതമാനം ഡിസ്കൗണ്ട് ലഭിച്ചിരുന്നു. ടിക്കറ്റിംഗ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി നിലവിലുള്ള 10 ശതമാനത്തിനു പുറമേ അധികമായി 5 ശതമാനം കൂടി അനുവദിച്ച് മൊത്തം 15 ശതമാനം ഡിസ്കൗണ്ട് മൊബൈൽ ക്യൂആർ ടിക്കറ്റുകൾക്ക് ലഭ്യമാക്കും. ഹ്രസ്വകാലത്തേക്കുള്ള ഈ ഓഫർ 2026 ജനുവരി 26 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട് . ക്യാമറ അടിസ്ഥാനമാക്കിയ ക്യൂആർ സ്കാനിംഗ് സംവിധാനത്തിലേക്ക് പ്രവേശന ഗേറ്റുകൾ നവീകരിച്ചതോടെ മൊബൈൽ ക്യൂആർ ടിക്കറ്റുകളുടെ സ്കാനിംഗ് ഇപ്പോൾ കൂടുതൽ സുതാര്യവും തടസ്സരഹിതവുമായിരിക്കുകയാണ്. നിലവിൽ കൊച്ചി മെട്രോയുടെ മൊത്തം ടിക്കറ്റ് വിൽപ്പനയുടെ 34 ശതമാനം ഡിജിറ്റൽ മാർഗങ്ങളിലൂടെയാണ്.

# ക്രാഫ്റ്റഡ് ബൈ ഭാരത് സെയിലുമായി ഫ്ളിപ്കാർട്ട്

**കൊച്ചി:** ഇന്ത്യയുടെ 77ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ഫ്ളിപ്കാർട്ട് തന്റെ ഫ്ളാഗ്ഷിപ്പ് 'ക്രാഫ്റ്റഡ് ബൈ ഭാരത്' സെയിലിന്റെ പതിനൊന്നാമത് പതിപ്പ് ജനുവരി 26 ന് സംഘടിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. വനിതാ നേതൃത്വത്തിലുള്ള സംരംഭങ്ങൾക്കും കലാകാരന്മാർക്കും ചെറുകിട സംരംഭകർക്കുമാണ് ഇത്തവണ സെയിലിൽ പ്രത്യേക പ്രാധാന്യം നൽകുന്നത്. 2,300ത്തിലധികം കലാകാരന്മാർ, നെയ്ത്തുകാർ, എൻജിഒകൾ, സ്വയംസഹായ സംഘങ്ങൾ, എംപോറിയങ്ങൾ, വനിതാ സംരംഭകർ ഫ്ളിപ്കാർട്ടിന്റെ ആപ്പ്, വെബ് പ്ലാറ്റ്ഫോമുകളിലായി ഒരുക്കുന്ന പ്രത്യേക 'ക്രാഫ്റ്റഡ് ബൈ ഭാരത്' സ്റ്റോർഫ്രണ്ടിൽ വാർലി, പടചിത്ര, മധുബനി, പിചായ്, ടെറാക്കോട്ട തുടങ്ങിയ 200ത്തിലധികം പരമ്പരാഗത ഇന്ത്യൻ കലാരൂപങ്ങൾ പ്രദർശിപ്പിക്കും.

# തിരുവനന്തപുരത്ത് പുതിയ സ്റ്റോർ തുറന്ന് ക്രോമ

**തിരുവനന്തപുരം:** ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള പ്രമുഖ ഇലക്ട്രോണിക്സ് റീട്ടെയിൽ ശൃംഖലയായ ക്രോമ, തിരുവനന്തപുരത്തെ തങ്ങളുടെ രണ്ടാമത്തെ സ്റ്റോർ വെള്ളയമ്പലത്ത് ആരംഭിച്ചു. കേരളത്തിലെ ഒമ്പതാമത്തെ ക്രോമ സ്റ്റോറാണിത്. പുതിയ സ്റ്റോറിൻറെ ഉദ്ഘാടനത്തിൻറെ ഭാഗമായി ഉപഭോക്താക്കൾക്കായി ജനുവരി 25 മുതൽ ഫെബ്രുവരി 24 വരെ മികച്ച ഓഫറുകളാണ് ക്രോമ ഒരുക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

സംസ്ഥാനത്ത് തങ്ങളുടെ സാന്നിധ്യം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ സ്റ്റോർ സജ്ജമാക്കിയിരിക്കുന്നത്. വെള്ളയമ്പലം-ശാസ്തമംഗലം റോഡിലെ ഡയമണ്ട് കാസിൽ ബിൽഡിംഗിന് സമീപമുള്ള പത്മ സരസ്സിൽ ഏകദേശം 7,467 ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന ഈ വിപുലമായ സ്റ്റോർ, ഉപഭോക്താക്കൾക്ക് ഏറ്റവും പുതിയ ഗാഡ്ജെറ്റുകളും ഗൃഹോപകരണങ്ങളും വിദഗ്ധ ജീവനക്കാരുടെ സഹായത്തോടെ നേരിട്ട് കണ്ടും പ്രവർത്തിപ്പിച്ചും ബോധ്യപ്പെടാൻ അവസരമൊരുക്കുന്നു. ഗൃഹോപകരണ വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട 55 ഇഞ്ച് വലുപ്പമുള്ള ടിവികൾ, 400 ലിറ്ററിന് മുകളിലുള്ള റഫ്രിജറേറ്ററുകൾ, 9 കിലോയോ അതിന് മുകളിലോ ഉള്ള വാഷിംഗ് മെഷീനുകൾ എന്നിവയ്ക്ക് 8 ശതമാനം വരെ കിഴിവ് ലഭിക്കും. എൽജി, സാംസംഗ്, ക്രോമ ബ്രാൻഡുകൾക്ക് ഈ ഓഫർ ലഭ്യമാണ്.സ്മാർട്ട്ഫോണുകളിൽ സാംസങ്, വിവോ എന്നീ ബ്രാൻഡുകളുടെ ആൻഡ്രോയിഡ് ഫോണുകൾക്ക് 6 ശതമാനം വരെ കിഴിവുണ്ട്. 50,000ത്തിന് മുകളിൽ വിലയുള്ള വിൻഡോസ് ലാപ്ടോപ്പുകൾക്ക് 5 ശതമാനം വരെ കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്റ്റോർ എല്ലാ ദിവസവും രാവിലെ 11:00 മുതൽ രാത്രി 9:00 വരെ പ്രവർത്തിക്കും




## പുത്തൻ ലുക്കിൽ
# റെനോ ഡസ്റ്ററിന്റെ മടങ്ങിവരവ്

**കൊച്ചി:** രാജ്യത്തെ മിഡ്സൈസ് എസ്‌യുവി വിപണിയിൽ വിപ്ലവം സൃഷ്ടിച്ച റെനോയുടെ ഐതിസാഹിക മോഡലായ റെനോ ഡസ്റ്റർ വിപണിയിൽ തിരിച്ചെത്തി. റെനോ ഗ്രൂപ്പിന്റെ സഹകമ്പനിയായ റെനോ ഇന്ത്യ ചെന്നൈയിൽ സംഘടിപ്പിച്ച ചടങ്ങിലാണ് പുതുതലമുറ റെനോ ഡസ്റ്റർ പുറത്തിറക്കിയത്. ഡിസൈൻ, പവർട്രെയിൻ ടെക്നോളജി, സുരക്ഷ, കംഫർട്ട്, കണക്ടിവിറ്റി തുടങ്ങിയ മേഖലകളിൽ വലിയ മുന്നേറ്റമാണ് ഈ വാഹനം കൈവരിച്ചിരിക്കുന്നതെന്നും കൂടാതെ റെനോയുടെ ഇന്റർനാഷണൽ ഗെയിം പ്ലാൻ 2027 പ്രകാരം ഇന്ത്യയിൽ അവതരിപ്പിക്കുന്ന ആദ്യ വാഹനം കൂടിയാണിതെന്നും റെനോ ബ്രാന്റ് സിഇഒയും റെനോ ഗ്രൂപ്പ് ചീഫ് ഗ്രോത്ത് ഓഫീസറുമായ ഫാബ്രിസ് കാംബൊലീവ് പറഞ്ഞു. ടർബോ ടിസിഇ 160, ടർബോ ടിസി 100 എന്നീ ടർബോ പെട്രോൾ എഞ്ചിനുകളും ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ച സ്ട്രോങ് ഹൈബ്രിഡ് ഇ ടെക് 160 എഞ്ചിനുമാണ് വിവിധ മോഡലുകൾക്ക് കരുത്ത് പകരുന്നത്. 6 സ്പീഡ് ഡിസിറ്റി വെറ്റ് ക്ലച്ച്, മാനുവൽ ട്രാൻസ്മിഷനുകളിൽ ലഭ്യമാണ്. 1.8 ലിറ്റർ എൻജിനും 1.4കെഡബ്ല്യൂഎച്ച് ബാറ്ററിയുമുള്ള ഹൈബ്രിഡ് ഇ ടെക് 160 എഞ്ചിൻ നഗര യാത്രകളിൽ 80 ശതമാനം വരെ ഇവി മോഡിൽ ഉപയോഗിക്കാൻ സാധിക്കും. റെനോ ഫോറെവർ പ്രോഗ്രാമിന്റെ ഭാഗമായി പുതിയ ഡസ്റ്ററിന് ഏഴ് വർഷം അല്ലെങ്കിൽ ഒന്നര ലക്ഷം കിലോമീറ്റർ വരെ വാറന്റിയും ലഭിക്കുമെന്ന് റെനോ ബ്രാന്റ് സിഇഒയും റെനോ ഗ്രൂപ്പ് ചീഫ് ഗ്രോത്ത് ഓഫീസറുമായ ഫാബ്രിസ് കാംബൊലീവ് പറഞ്ഞു.

കരുത്തും സ്റ്റൈലും ഒത്ത് ചേർന്ന് ആ പഴയ ഡിഎൻഎയിലുള്ള ഡിസൈനിനൊപ്പം 212എംഎം ഗ്രൗ ക്ലിയറൻസ്, 26.9 ഡിഗ്രി അപ്രോച്ച് ആംഗിൾ, 34.7 ഡിഗ്രി ഡിപ്പാർച്ചർ ആംഗിൾ എന്നിവയോടെ ഏതു ഭൂപ്രദേശവും ആത്മവിശ്വാസത്തോടെ കീഴടക്കാൻ കഴിയുന്ന തരത്തിലാണ് പുതിയ ഡസ്റ്ററിന്റെ രൂപകൽപ്പന. 4,346 മില്ലിമീറ്ററാണ് നീളം. 1,815 മില്ലിമീറ്റർ വീതിയും 1,703 മില്ലിമീറ്റർ ഉയരവും 2,657 മില്ലിമീറ്റർ വീൽ ബേസുമാണ് വാഹനത്തിലുള്ളത്. ഗൂഗിൾ സപ്പോർട്ടോടു കൂടിയ 10.1 ഇഞ്ചിന്റെ ഓപ്പൺ ആർ ലിങ്ക് മൾട്ടിമീഡിയ ഇൻഫോടെയിൻമെന്റ് സംവിധാനത്തിൽ റിയൽ ടൈം ട്രാഫിക്, ഗൂഗിൾ മാപ്പ്, ഗൂഗിൾ അസിസ്റ്റന്റ്, പ്ലേ സ്റ്റോർ എന്നിവയ്ക്കൊപ്പം 60ലധികം കണക്ടഡ് ഫീച്ചറുകളും ലഭ്യമാണ്. ഇത് കൂടാതെ 10.25 ഇഞ്ചിന്റെ ടിഎഫ്ടി ഡ്രൈവർ ഡിസ്പ്ലേയും 17 അഡാസ് ഫീച്ചറുകളും ഈ വാഹനത്തിലുണ്ട്. എക്കോ, കംഫർട്ട് ഡ്രൈവ് മോഡുകളുമുണ്ട്. 21,000 രൂപവിലയുള്ള ആർ പാസ് വാങ്ങി പുതിയ ഡസ്റ്റർ പ്രീ ബുക്ക് ചെയ്യാം. മാർച്ച് പകുതിയോടെ വില പ്രഖ്യാപിക്കും. ഏപ്രിൽ മുതലാണ് വാഹനത്തിന്റെ ഡെലിവെറി. ദീപാവലി മുതലാണ് ഹൈബ്രിഡ് മോഡലിന്റെ ഡെലിവറി.

# സീറോ ബി എച്ച്2ഒഎച്ച്എച്ച് വിപണിയിലിറക്കി



**കൊച്ചി:** യാത്രകളിലും ജോലിസ്ഥലത്തും ശുദ്ധജലം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് വാട്ടർ പ്യൂരിഫിക്കേഷൻ രംഗത്തെ പ്രമുഖരായ സീറോ ബി തങ്ങളുടെ പുതിയ ഉൽപ്പന്നമായ എച്ച്2ഒഎച്ച്എച്ച് പോർട്ടബിൾ വാട്ടർ പ്യൂരിഫയർ പുറത്തിറക്കി. ടാപ്പ് വെള്ളം തൽക്ഷണം കുടിക്കാൻ യോഗ്യമായ രീതിയിൽ ശുദ്ധീകരിക്കുന്ന ഈ കുപ്പി, വൈദ്യുതിയുടെയോ ബാറ്ററിയുടെയോ സഹായമില്ലാതെയാണ് പ്രവർത്തിക്കുന്നത്. പേറ്റന്റ് നേടിയ ഈ സാങ്കേതികവിദ്യ വെള്ളത്തിലെ 99.99% ബാക്ടീരിയകളെയും വൈറസുകളെയും സമ്പർക്കത്തിൽ വരുമ്പോൾ തന്നെ ഇല്ലാതാക്കുമെന്ന് അധികൃതർ വ്യക്തമാക്കി. ആദ്യ ഘട്ടത്തിൽ വെള്ളത്തിലെ ഖരമാലിന്യങ്ങളെയും മണലിനെയും നീക്കം ചെയ്യും. രണ്ടാം ഘട്ടത്തിൽ നാനോ സിൽവർ സാങ്കേതികവിദ്യയിലൂടെ രോഗാണുക്കളെ നശിപ്പിക്കും. ഒരു കാട്രിഡ്ജ് ഉപയോഗിച്ച് ഏകദേശം 800 ലിറ്റർ വെള്ളം വരെ ശുദ്ധീകരിക്കാം. സാധാരണ ഗതിയിൽ ഒരു വർഷം വരെ ഒരു ഫിൽറ്റർ ഉപയോഗിക്കാൻ സാധിക്കും. വെള്ളം ഒഴിച്ചാലുടൻ തന്നെ സിപ്പർ വഴി ശുദ്ധജലം ലഭിക്കും. മിനിറ്റിൽ 400 മില്ലി ലിറ്റർ എന്ന മികച്ച ഫ്ളോ റേറ്റ് ഇതിനുണ്ട്. പ്രീമിയം നിലവാരമുള്ള ബിപിഎഫ്രീ ട്രൈറ്റൻ മെറ്റീരിയലിലും, തുരുമ്പെടുക്കാത്ത എസ്എസ്304 സ്റ്റെയിൻലെസ്സ് സ്റ്റീൽ ബോഡിയിലും ഇത് ലഭ്യമാണ്. 600 മില്ലി ആണ് ഇതിന്റെ സംഭരണ ശേഷി. ഒറ്റത്തവണ ഉപയോഗിക്കുന്ന 3,000 പ്ലാസ്റ്റിക് ബോട്ടിലുകൾ ലാഭിക്കാൻ ഒരു എച്ച്2ഒഎച്ച്എച്ച പ്യൂരിഫയർ സഹായിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു. ട്രൈറ്റൻ മോഡലിന് 1,499 രൂപയും, സ്റ്റെയിൻലെസ്സ് സ്റ്റീൽ മോഡലിന് 2,499 രൂപയുമാണ് വില.

# എം.ഇ.എസ് സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിന് ഇന്ന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** മുസ്ലിം എജ്യുക്കേഷണൽ സൊസൈറ്റിയുടെ (എം.ഇ.എസ്) ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് നിറപ്പകിട്ടേകാൻ സംസ്ഥാനതല എംഇഎസ് യൂത്ത് ഫെസ്റ്റ് ജനുവരി 29, 30, 31 തീയതികളിൽ കൊച്ചിയിൽ നടക്കും. കേരളത്തിലെ വിവിധ എംഇഎസ് കോളജുകളിൽ നിന്നായി രണ്ടായിരത്തി അഞ്ഞൂറോളം പ്രതിഭകളാണ് മൂന്ന് ദിവസങ്ങളിലായി നടക്കുന്ന കലാമേളയിൽ മാറ്റുരയ്ക്കുന്നത്. കൊച്ചി രാജേന്ദ്ര മൈതാനമാണ് പ്രധാന വേദി. കൂടാതെ എറണാകുളം ടൗൺ ഹാളിലെ നാല് വേദികളിലായാണ് വിവിധ സ്റ്റേജ്, ഓഫ് സ്റ്റേജ് മത്സരങ്ങൾ നടക്കുക. യുവതയുടെ സർഗശേഷിയും കലാപ്രതിഭയും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള വലിയൊരു വേദിയായി ഈ യൂത്ത് ഫെസ്റ്റ് മാറുമെന്ന് സംഘാടക സമിതി ചെയർമാനും എംഇഎസ് സംസ്ഥാന സെക്രട്ടറിയുമായ ഡോ. റഹീം ഫസൽ, ജനറൽ കൺവീനറും എംഇഎസ് യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റുമായ ആർ.കെ ഷാഫി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ന് വൈകുന്നേരം മൂന്നിന് മറൈൻ ഡ്രൈവിൽ നിന്ന് ആരംഭിക്കുന്ന വർണാഭമായ സാംസ്കാരിക വിളംബര ഘോഷയാത്രയോടെ കലോത്സവത്തിന് തുടക്കമാകും. ഘോഷയാത്ര പ്രധാന വേദിയായ രാജേന്ദ്ര മൈതാനിയിൽ സമാപിക്കും. തുടർന്ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ചടങ്ങിൽ എം.ഇ.എസ് സംസ്ഥാന പ്രസിഡന്റ് ഡോ. പി.എ ഫസൽ ഗഫൂർ അധ്യക്ഷത വഹിക്കും. മേയർ അഡ്വ വി.കെ മിനിമോൾ ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവഹിക്കും. കലോത്സവത്തിന്റെ വിവിധ സെഷനുകളിൽ സിനിമാ താരങ്ങളായ ജയറാം, ഷെയിൻ നിഗം, സാനിയ ഇയ്യപ്പൻ, ജയൻ ചേർത്തല, സലിം ഹസൻ, പ്രമുഖ മാധ്യമപ്രവർത്തകൻ ശ്രീകണ്ഠൻ നായർ, ഗായകൻ സൂരജ് സന്തോഷ് തുടങ്ങിയവർ പങ്കെടുക്കും. 'സേ നോ ടു ഡ്രഗ്സ്' എന്ന ശക്തമായ സാമൂഹിക സന്ദേശം ഉയർത്തിപ്പിടിച്ചാണ് ഇത്തവണത്തെ കലോത്സവം അരങ്ങേറുന്നത്. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ യുവതയുടെ പങ്കാളിത്തം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 29ന് രാവിലെ 10.30ന് മാപ്പിളപാട്ട് മത്സരത്തിലൂടെ വേദികൾ ഉണരും.

തുടർന്ന് അറബന മുട്ട്, പ്രച്ഛന്നവേഷ മത്സരങ്ങൾ. 30ന് വിവിധ വേദികളിലായി ദഫ്മുട്ട്, ഭരതനാട്യം, മോഹിനിയാട്ടം, ഒപ്പന, ലളിതഗാനം, വട്ടപ്പാട്ട്, മിമിക്രി, മോണോആക്ട്, തിരുവാതിര, സംഘഗാനം, നാടൻപാട്ട് തുടങ്ങിയ മത്സരങ്ങൾ. മൈം, കോൽക്കളി, സംഘനൃത്തം ഇനങ്ങളിലാണ് അവസാന ദിനത്തെ മത്സരങ്ങൾ. എം.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ടി.എം സക്കീർ ഹുസൈൻ, എം.എം അഷ്റഫ്, എറണാകുളം ജില്ലാ പ്രസിഡന്റ് ലിയാഖത്ത് അലിഖാൻ, സെക്രട്ടറി എം.ഐ അബ്ദുൽ ഷെരീഫ്, യൂത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് നിസാർ ബി.എച്ച്, മീഡിയ കമ്മിറ്റി ചെയർമാൻ അബ്ബാസ് കെ.എം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663